

# എൽ.പി.തലം
# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## ബി.സി.എൽ.പി.സ്കൂൾ
## കുന്നംകുളം

# ആമുഖം

പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന വിധത്തിൽ അക്കാദമികമായ ഇടപെടലുകൾ നടത്തുന്നതിനാവശ്യമായ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുവഴി എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യമാണ് സാക്ഷാത്കാരിക്കുന്നത്. ഈ വിദ്യായലത്തിന്റെ അക്കാദമിക മാസ്റ്റർപ്ലാൻ ഈ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഓരോ കുരുന്നുകൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കും. ഉപജില്ലയിലെ എല്ലാ പ്രവർത്തനങ്ങളിലും ഈ വിദ്യാലയം മികച്ച രീതിയിൽ പങ്കെടുക്കുന്നുണ്ട്. അതിനുള്ള ഉത്തമ തെളിവാണ് 2024-2025 ലെ എൽ.എസ്.എസ്.സ്കോളർഷിപ്പ് പരീക്ഷയിൽ നേടിയ ഉജ്ജ്വല വിജയം.

പൊതു സമൂഹത്തിന്റെയും, രക്ഷാകർതൃസംഘടനയുടെയും പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയമികവ് ഉത്തരോത്തരം അഭിവൃദ്ധിപ്പെടുത്താനുള്ള ശ്രമത്തിലാണ് ഈ വിദ്യാലയം. അതിന് സഹായകരമായ രീതിയിൽ തയ്യാറാക്കിയിട്ടുള്ള ക്ലാസ്തല, സ്കൂൾതല മാസ്റ്റർപ്ലാൻ അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

പി.ടി.എ. പ്രസിഡന്റ്
**ശ്രീ.സൈനുദ്ദീൻ.കെ.എ**

ഹെഡ്മിസ്ട്രസ്സ്
**സിസ്റ്റർ. ഏലീശ്യ.എ.വി**

എം.പി.ടി.എ പ്രസിഡന്റ്
**ശ്രീമതി.അനുപമ.പി.എ**

എസ്.ആർ.ജി.കൺവീനർ
**ശ്രീമതി.ജീന ജോർജ്ജ്.എ**

# അക്കാദമിക മാസ്റ്റർപ്ലാൻ
# സ്കൂൾ തലം

# ഭാഷ - മലയാളം

പ്രാഥമിക തലത്തിൽ തന്നെ കുട്ടികളെ വായനയുടെയും എഴുത്തിന്റെയും, ശരിയായ തലത്തിലേക്ക് നയിക്കാൻ വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥി കളെയും, മികച്ച വായനക്കാരാക്കുക ഒപ്പം മികച്ച എഴുത്തുകാരാക്കുക എന്ന ലക്ഷ്യം നേടുന്നതിന് പിന്നോക്കം നിൽക്കുന്നവരെ മുൻനിരയിലെത്തിച്ച് വായനയും എഴുത്തും ഒരു പുതിയ അനുഭവമാക്കി വിദ്യാലയത്തെ മാറ്റുവാൻ ഒരു കർമ്മ പരിപാടി.

## ലക്ഷ്യങ്ങൾ

- ➔ എല്ലാവർക്കും എഴുത്തും വായനയും.
- ➔ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ➔ ക്ലാസ്, സ്കൂൾ - ബാലസഭകൾ
- ➔ മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ - പരിചയപ്പെടൽ
- ➔ ആസ്വാദ്യകരമായ വായന
- ➔ വായന സാമഗ്രികൾ കണ്ടെത്തലും വികസിപ്പിക്കലും
- ➔ ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തുക.
- ➔ എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.
- ➔ ചുമർ മാഗസിൻ, ചുമർ പത്രിക എന്നിവയിലൂടെ വിവിധ എഴുത്ത് എന്നിവ പരിപോഷിക്കുക.
- ➔ കവിതകളും പാട്ടുകളും താളാത്മകമായി ചൊല്ലി അവതരിപ്പിക്കുക.
- ➔ വിവിധ വ്യവഹാരരൂപങ്ങൾ ആസ്വദിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുന്നു.
- ➔ നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ
- ➔ പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- ➔ ഭാഷയുമായി ബന്ധപ്പെട്ട ഐ.സി.ടി. സാധ്യതകൾ സജ്ജീകരിക്കൽ
- ➔ കഥകൾ, വായന, എഴുത്ത്.

## പ്രവർത്തനങ്ങൾ (ജൂൺ)

- പ്രീടെസ്റ്റ്
- അക്ഷരങ്ങൾ ഉറപ്പിക്കൽ
- അടയാളങ്ങൾ, ചിഹ്നങ്ങൾ ചിത്രങ്ങളുടെ സഹായത്താൽ ഉറപ്പിക്കുന്നു.
- അക്ഷരക്കാർഡുകളുടെ സഹായത്തോടെ വാക്കുകൾ രൂപീകരിച്ച് വാക്കുകളിലൂടെ വാക്യങ്ങൾ ഉണ്ടാക്കുന്നു.

## ജൂലായ്

- സംയുക്ത ഡയറി എഴുതാൻ തുടങ്ങുന്നു.
- ചിത്രങ്ങൾ കൊടുത്ത് - അടിക്കുറിപ്പ് പറയിപ്പിക്കുന്നു. അധ്യാപികയുടെ സഹായത്തോടെ എഴുതുന്നു.
- കഥയുടെ ബാക്കി ഭാഗം പറയിപ്പിക്കുന്നു. എഴുതുന്നു.
- കഥാപുസ്തകം നൽകി വായന - കുറിപ്പ് തയ്യാറാക്കൽ
- ചിത്രങ്ങൾ കാണിച്ച് അതിനെ കുറിച്ച് (ഐ.സി.ടി) പറയാൻ അവസരം എഴുതൽ

## ആഗസ്റ്റ്

- പാട്ടരങ്ങ്, റീഡേഴ്സ് തിയ്യറ്റർ
- ക്ലാസ് തലത്തിൽ വായനക്കൂട്ടം രൂപീകരിക്കൽ
- ക്ലാസ് ലൈബ്രറി രൂപീകരണം
- സ്കൂൾ ലൈബ്രറി നവീകരണം (ലൈബ്രറി ഇൻ ചാർജ്)
    - പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ
    - പുസ്തകങ്ങളുടെ ക്രമീകരണം
    - പിറന്നാൾ പുസ്തകം

## സെപ്തംബർ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം
- വായനോത്സവം : വായനക്കുറിപ്പ്, വായിച്ച കഥയുടെ അവതരണം.
- പത്രവായന, ചിത്രകഥ തയ്യാറാക്കുക.
- സർഗാത്മകത വളർത്തൽ
- അമ്മവായന : സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം, വായനക്കുറിപ്പ് തയ്യാറാക്കൽ, മികച്ചത് കണ്ടെത്തൽ.

## ഒക്ടോബർ

- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്രരചനകൾ പ്രദർശിപ്പിക്കുന്നു.
- വായനാനുഭവം പങ്കുവെക്കൽ
- വായന പതിപ്പ് തയ്യാറാക്കൽ

## നവംബർ

- വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖത്തിൽ വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ (കയ്യെഴുത്ത് മത്സരം, കഥയെ ഴുത്ത്, കവിതയെഴുത്ത്, ചിത്രീകരണം സ്കിറ്റ്) (വിദ്യാരംഗം - കൺവീനർ)
- ബാലസഭകൾ (എല്ലാ മാസവും)

## ഡിസംബർ

- ദിനാചരണങ്ങൾ (എൽ.പി തലത്തിലുള്ളവ) വായനയും എഴുത്തും പരിപോഷിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ ഓരോ മാസവും നടപ്പിലാക്കുക.
- സാഹിത്യലോകത്തെ ആളുകളുമായി കൂടി കാഴ്ച കഥാപൂരണം, കവിതാ പൂരണം എന്നിവയുടെ രൂപീകരണം മനസിലാക്കൽ

## ജനുവരി

- വായന സാമഗ്രികൾ വികസിപ്പിക്കൽ
- എഴുത്തുക്കൂട്ടം - രൂപീകരണം
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

## ഫെബ്രുവരി

- വ്യക്തിഗതരചന, സംഘരചന, സർഗശേഷി വികസിപ്പിക്കൽ
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- സാഹിത്യ സാസ്കാരിക പ്രദർശനം
- നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ

# ENGLISH

The goal of the language study is to speak, read and write. It is little bit difficult to speak English fluently like Malayalam. But education aims to handle the world language English spontaneously. This academic master plan is designed to ensure that not a single child goes illiterate. Each child must respond with situations. They must learn to speak, read and write ultimately.

Aims:-

- Responses to simple instructions in the class room
- Describes orally about pictures and objects using adjectives.
- Identify the familiar words from a reading material.
- Make improve the  skills of speaking and reading.
- To develop listening and speaking.
- Make simple sentences and describe picture in meaningful sentences.
- Read story books and write its note.

## Write stories, description and Skit

| | *ACTIVITIES* |
|---|---|
| JUNE | ♦ Pretest<br>♦ Provides picture cards – Speaks<br>♦ Introduces simple words<br>♦ Read familiar words<br>♦ Writes the familiar words |
| JULY | ♦ Describe the things of picture cards orally<br>♦ Growing sentences – forms<br>♦ Make word – web |
| AUGUST | ♦ To check the vocabulary and writing skill of pupil. |
| SEPTMEBER | ♦ Read and write simple sentences.<br>♦ Provides picture cards and reading cards (Sargavela)<br>♦ Introduce simple picture description. |
| OCTOBER | ♦ Make word chain, sentence, chain, make riddles.<br>♦ Prepared growing sentence big book<br>♦ Describing rhyming words<br>♦ Identifying the naming words and action words from a passage. |
| NOVEMBER | ♦ To express thoughts and feelings<br>♦ Describing words to collect writes five words daily and read it. |
| DECEMBER | ♦ Encourage digital reading<br>♦ News reading |
| JANUARY | ♦ To improve the skills of speaking and reading - English Assembly.<br>♦ English Theatre (ICT)<br>♦ Write the story after a picture |
| FEBRUARY | ♦ Make picture albums<br>♦ Wirte picture description<br>♦ Read and write simple sentences. |
| MARCH | ♦ Write the thoughts and feelings of characters in the lesson. |

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- ➔ ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ
- ➔ ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക.
- ➔ ശാസ്ത്രബോധം, ശാസ്ത്രീയമായ മനോഭാവം വളർത്തുക.
- ➔ ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുക.
- ➔ ശാസ്ത്ര ക്ലബ്ബിൽ അംഗമാവുക
- ➔ ചുറ്റുപാടുമുള്ള ജീവികളെ ശാരീരിക സവിശേഷതകളുടെ അടിസ്ഥാനത്തിൽ നിരീക്ഷിക്കുക.
- ➔ പരീക്ഷണ, നിരീക്ഷണങ്ങളിൽ ഏർപ്പെടുക.
- ➔ ദേശീയവബോധം വളർത്തുക.
- ➔ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
- ➔ പ്രകൃതി നടത്തം പരിസ്ഥിതിയെ അടുത്തറിയുക.

| പ്രവർത്തനങ്ങൾ | |
|---|---|
| ജൂൺ | ♦ പ്രകൃതി നടത്തം – ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക.<br>♦ ചെടികൾ, പൂക്കൾ തിരിച്ചറിയുന്നു.<br>♦ പരിസ്ഥിതി ദിനാചരണം, പോസ്റ്റർ നിർമ്മാണം, വൃക്ഷത്തൈ നടീൽ, പൂന്തോട്ടം, അടുക്കളത്തോട്ടം ഒരുക്കൽ |
| ജൂലൈ | ♦ ശുചിത്വ സർവ്വേ – ചാർട്ട് തയ്യാറാക്കുക പോസ്റ്റർ രചനാ മത്സരങ്ങൾ |
| ആഗസ്ത് | ♦ നിരീക്ഷണ പരീക്ഷണങ്ങൾ നടത്തി രേഖപ്പെടുത്തൽ<br>♦ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ<br>♦ ശാസ്ത്ര രംഗം ക്ലബ്ബ് രൂപീകരണം<br>♦ പോസ്റ്റർ, ചുമർ പത്രിക നിർമ്മാണം. |
| സെപ്തംബർ | ♦ സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ<br>♦ മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ,<br>♦ ആശയപടവുമായി ബന്ധപ്പെട്ട വാർത്തകൾ പ്രദർശിപ്പിക്കൽ |

| | പ്രവർത്തനങ്ങൾ |
|---|---|
| ഒക്ടോബർ | ♦ കർഷകരുമായി അഭിമുഖം<br>♦ ആരോഗ്യ ബോധവൽക്കരണ ക്ലാസ്<br>♦ റോഡ് നിയമങ്ങൾ - റോൾ പ്ലേ<br>♦ ഫസ്റ്റ് എയ്ഡ് ബോക്സ് നിർമ്മാണം |
| നവംബർ | ♦ കേരളം ഇന്ത്യഭൂപട വായന<br>♦ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ<br>♦ ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>♦ എന്റെ കേരളം ചിത്രരചന<br>♦ ഗ്ലോബ് നിർമ്മാണം |
| ഡിസംബർ | ♦ കർഷകരുമായി അഭിമുഖം<br>♦ കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം<br>♦ ജീവികളുടെ കൂട് - ചിത്രശേഖരം<br>♦ വ്യത്യസ്ത ജോലികൾ -സർവ്വേ |
| ജനുവരി | ♦ ശാസ്ത്രരംഗം ക്ലബ്ബിന്റെ ചുമതലയിൽ പഠനോത്സവത്തിനാവശ്യമായ ഉല്പന്നങ്ങൾ തയ്യാറാക്കൽ<br>♦ അഭിമുഖം ഫീൽഡ് വിസിറ്റ് - പൊതു സ്ഥാപനങ്ങൾ |
| ഫെബ്രുവരി | ♦ ശാസ്ത്രോത്സവം പഠനഉൽപ്പന്നങ്ങളുടെ പ്രദർശനം,<br>♦ ആൽബം, തയ്യാറാക്കൽ<br>♦ പഠനോപകരണങ്ങളുടെ നിർമ്മാണം. |
| മാർച്ച് | ♦ ശാസ്ത്ര മാഗസിൻ പ്രകാശനം,<br>♦ പഠനോത്സവം<br>♦ ശാസ്ത്രോത്സവം |

## ഗണിതം

ഗണിതവുമായി ബന്ധപ്പെട്ടുള്ള ധാരാളം പ്രവർത്തനങ്ങൾ നിത്യ ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്നു. പ്രൈമറി തലത്തിലെ കുട്ടികൾക്ക് ഗണിതം എന്ന വിഷയം രസകരമായി അഭ്യസിക്കാൻ അവസരം ഒരുക്കണം. ഗണിത പാട്ടിലൂടെയും കളികളിലൂടെയും ഗണിത പഠനം ആസ്വാദ്യകരമാക്കാവുന്നതാണ്. ഇങ്ങനെ ഗണിത ശേഷികൾ രസകരമായി നേടിയെടുക്കാവുന്ന തരത്തിലാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

### ലക്ഷ്യങ്ങൾ

* സംഖ്യാബോധം വളർത്തുന്നു.
* സങ്കലനം, വ്യവകലനം, ഗുണനം എന്നീ ഗണിത ക്രിയകൾ ഉറപ്പിക്കുന്നു.
* പ്രശ്ന പരിഹരണം നടത്തുന്നു.
* ജ്യാമതീയ രൂപങ്ങൾ തിരിച്ചറിയുന്നു
* ഗണിത ചിന്താ ശേഷി വളർത്തുന്നു.

| | |
|---|---|
| ജൂൺ | * സംഖ്യകൾ തിരിച്ചറിയുന്നു, വായിക്കുന്നു.<br>* സംഖ്യാ സ്ട്രിപ്പ് തയ്യാറാക്കുന്നു.<br>* ഗണിത കിറ്റ് രൂപീകരണം<br>* ചതുരം, വൃത്തം, ത്രികോണം, രൂപങ്ങളുടെ ധാരണ |
| ജൂലായ് | * ഗണിതകളിൽ ആസൂത്രണം ചെയ്യൽ<br>* കുസൃതി കണക്കുകൾ, ഗണിത പസലുകൾ പരിചയപ്പെടുത്തൽ |
| ആഗസ്റ്റ് | * ഒരക്കസംഖ്യ, രണ്ടക്ക സംഖ്യ, മൂന്നക്ക സംഖ്യ എന്ന ക്രമത്തിൽ വായിക്കാനും എഴുതാനും പരിശീലനം<br>* അബാക്കസ് നിർമ്മാണം<br>* സ്ഥാനവില പോക്കറ്റ് നിർമ്മാണം |
| സെപ്തംബർ | * ഗണിതക്ലബ്ബ് രൂപീകരണം, സ്കൂൾ തലത്തിൽ<br>* ഗണിതാശയങ്ങൾ ഉറപ്പിക്കൽ<br>* സംഖ്യാകാർഡ് നിർമ്മാണം |
| ഒക്ടോബർ | * സംഖ്യാചക്ര നിർമ്മാണം<br>* സംഖ്യാചക്രം ഉപയോഗിച്ച് ഗണിത കേളികൾ വഴി സങ്കലനം ഉറപ്പിക്കൽ |

| | |
|---|---|
| നവംബർ | * അബാക്കസ് ഉപയോഗിച്ച് മൂന്നക്ക, നാലക്ക സംഖ്യകളുടെ വ്യവകലനം<br>* ഗണിത കിറ്റ് ഉപയോഗിച്ച് വ്യവകലനം<br>* നിത്യ ജീവിതത്തിലെ ഗണിതപ്രശ്നങ്ങൾ, സങ്കലനം, വ്യവകലനം ചതുഷ്ക്രിയകളിലൂടെ പരിഹരിക്കൽ |
| ഡിസംബർ | * ഒറിഗാമിയിലൂടെ പഠനം<br>* ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം, ക്രിയാഫലങ്ങൾ ഊഹിച്ച് പറയൽ,<br>* മനകണക്കിലൂടെ ഉത്തരം കണ്ടെത്തൽ |
| ജനുവരി | * സങ്കലനം, വ്യവകലനം -പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br>* പാറ്റേൺ നിർമ്മാണം<br>* ഗുണന വസ്തുതകൾ ഉറപ്പിക്കൽ |
| ഫെബ്രുവരി<br>മാർച്ച് | * അളവുകൾ കൃത്യതയോടെയും സൂക്ഷ്മത യോടെയും ചിട്ടപ്പെടുത്തൽ<br>* സംഖ്യാ വ്യാഖ്യാനം<br>* ഗണിതോത്സവം, ഗണിതമേള |